**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2612** **13-12-2022 - ൽ മറുപടിയ്ക്ക്**

**വള്ളത്തോൾ നാരായണമേനോൻ സ്മാരക സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി 40 കോടി രൂപ അനുവദിച്ച് നടപ്പിലാക്കുന്ന വള്ളത്തോൾ നാരായണമേനോൻ സാംസ്കാരിക കേന്ദ്രനിർമാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (എ) | തൃശ്ശൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വള്ളത്തോൾ നാരായണമേനോൻ സാംസ്കാരിക കേന്ദ്രനിർമാണത്തിന്റെ പദ്ധതി റിപ്പോർട്ട് പദ്ധതിയുടെ നിർവഹണത്തിനായി നിയോഗിച്ചിട്ടുള്ള KSFDC കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. അതിന്മേൽ കിഫ്ബി പരിശോധന നടത്തി ഒരു സാങ്കേതികാവലോകന റിപ്പോർട്ട് 25.09.2020 ന് KSFDC യ്ക്ക് നല്കിയിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ പദ്ധതി നിർവഹണ ഏജൻസിയായ KSFDC റിപ്പോർട്ടിന് മറുപടിയൊന്നും തന്നെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. പദ്ധതിയ്ക്കായി തീരുമാനിച്ചിട്ടുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനം ഒന്നുമായിട്ടില്ല എന്നാണ് പദ്ധതി നിർവഹണ ഏജൻസിയായ KSFDC ൽ നിന്നും അറിയുവാൻ സാധിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ